ഖുത്ബ നമ്പർ

30

27-07-2012

بسم الله الرحمن الرحيم O نحمده ونصلى على رسوله الكريم O وعلى عبده المسيح الموعود

**ജുമുഅ ഖുത്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالى بنصره العزيز

**വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ**



# കളവു പറയുന്നതിൽ നിന്നും പ്രവർത്തിക്കുന്നതിൽ നിന്നും വിട്ടുനിന്ന് റമദാനെ ധന്യമാക്കുക

അല്ലാഹുവിന്റെ അനുഗ്രഹത്താൽ നാം റമദാന്റെ അനുഗൃഹീതമാസത്തിലൂടെയാണ് ഇപ്പോൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്നത്. ഈ അനുഗൃഹീത മാസത്തിൽ നിന്നും ഫലമെടുക്കുന്നവർ ഭാഗ്യവാന്മാരാണ്. ഈ അനുഗ്രഹങ്ങൾ ലഭിക്കുന്നത് നോമ്പിന്റെ യാഥാർത്ഥ്യത്തെക്കുറിച്ച് അറിയുമ്പോഴും ഇതിനെ നല്ല രീതിയിൽ പ്രയോജനപ്പെടുത്തുമ്പോഴുമായിരിക്കും. റമദാൻ വന്നാൽ സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുമെന്നും നരക കവാടങ്ങൾ അടക്കപ്പെടുമെന്നും ശൈത്വാൻ ബന്ധിക്കപ്പെടുമെന്നുമുള്ള തിരുനബി (സ) പറഞ്ഞ വാക്കുകൾ തികച്ചും സത്യമാണ്. എന്നാൽ എല്ലാവർക്കുമായി സ്വർഗ്ഗകവാടങ്ങൾ തുറക്കപ്പെടുമോ? എല്ലാവരുടെയും ശൈത്വാനെ ബന്ധിക്കപ്പെടുമോ? നരകകവാടങ്ങൾ എല്ലാവർക്കും വേണ്ടി അടക്കപ്പെടുമോ? തീർച്ചയായും എല്ലാവർക്കും അങ്ങനെ ആയിരിക്കില്ല.

ഇവിടെ വിശ്വാസികളെയാണ് സംബോധന ചെയ്തിരിക്കുന്നത്. ബാഹ്യമായ വിശ്വാസം കൊണ്ടോ മുസ്‌ലിം ആയി എന്നതു കൊണ്ടോ നോമ്പ് നോറ്റു എന്നതു കൊണ്ടോ മാത്രം ഈ അനുഗ്രഹങ്ങൾ മനുഷ്യന് കരസ്ഥമാകുമോ? വിശ്വാസം സ്വീകരിക്കുന്നതോടൊപ്പം സൽപ്രവർത്തനങ്ങൾ ചെയ്യാനും തുടരെത്തുടരെ അല്ലാഹു കൽപ്പിച്ചിരിക്കുന്നു. ഏതു മതവിശ്വാസിയാണെങ്കിലും സൽപ്രവർത്തി ചെയ്യുന്നവനാണെങ്കിൽ അവർക്കും പ്രതിഫലം ലഭിക്കുന്നതാണെന്ന് അല്ലാഹു പറയുന്നു.

അതിനാൽ നോമ്പ് നോൽക്കുകയോ, റമദാൻ മാസത്തിലൂടെ കടന്നുപോവുകയോ ചെയ്യുന്നത് മാത്രം മനുഷ്യനെ സ്വർഗ്ഗാവകാശിയാക്കുകയില്ല. അതോടൊപ്പം ചില കടമകൾ നിറവേറ്റേണ്ടതുണ്ട്; അത് പൂർത്തിയാക്കണം. ചില നിബന്ധനകളുണ്ട്; അത് പ്രാവർത്തികമാക്കേണ്ടത് അനിവാര്യമാണ്. സൽപ്രവർത്തനത്തിലേക്ക് ശ്രദ്ധയുണ്ടാകേണ്ടതും അനിവാര്യം തന്നെ. അവയെല്ലാം അനുഷ്ഠിക്കേണ്ടത് ഒരു വിശ്വാസിയുടെ കടമയാണ്. അല്ലാതെ അത്താഴം കഴിച്ച് വൈകുന്നേരം വരെ ഒന്നും തിന്നാതിരിക്കുകയല്ല നോമ്പ്. ഇങ്ങനെ ഭക്ഷണം നിയന്ത്രിക്കുന്നവർ ലോകത്ത് എത്രയോ പേരുണ്ട്. അവർ കാലത്തും വൈകുന്നേരവും മാത്രമാണ് ഭക്ഷണം കഴിക്കുന്നത്. ചില നാമധാരികളായ സന്യാസിമാർ പരിശീലനം നേടിക്കൊണ്ട് ദിവസങ്ങൾ പട്ടിണി കിടക്കുന്നുണ്ട്. എന്നാൽ ആരാധനയെക്കുറിച്ചോ സൽപ്രവർത്തനങ്ങളെ ക്കുറിച്ചോ ഒന്നും ശ്രദ്ധയുണ്ടാവില്ല. ചിലർ ഭക്ഷണം കഴിക്കാൻ കഴിയാത്തവരായും ലോകത്തുണ്ട്. മറ്റു ചിലർക്ക് ഭക്ഷണം കിട്ടാത്തതു കാരണം ഒരു നേരം മാത്രം ദിവസം ഭക്ഷണം കഴിക്കുന്നവരുമുണ്ട്. ചിലരോട് ഡോക്ടർമാർ ഭക്ഷണം കഴിക്കരുതെന്ന് പറഞ്ഞ് വിലക്കുന്നു. പകൽ മുഴുവനും ഭക്ഷണം കഴിക്കാത്ത ഒരവസ്ഥയിൽ അവർ കഴിച്ചുകൂട്ടുന്നു. ചില സ്ത്രീകൾ ഡയറ്റിംങ്ങിന്റെ പേരിൽ പകൽ മുഴുവനും ഭക്ഷണം കഴിക്കാതെ കഴിച്ചുകൂട്ടുന്നു.

രണ്ടു ദിവസം മുമ്പ് ഒരു മാതാവ് എന്റെ അടുത്തു വന്നു. അവർ പറയുന്നു, എന്റെ മകൾ യുവത്വത്തിലേക്ക് ഇപ്പോൾ പ്രവേശിച്ചിട്ടേയുള്ളൂ. ഇപ്പോൾ ആകെ അവളുടെ ചിന്ത മെലിയണമെന്നാണ്. ഇക്കാലത്ത് ഈ ഒരു ചിന്തയാണ് എല്ലാവർക്കും ഉള്ളത്. അതുകൊണ്ട് ഭാരം കുറക്കാനായി പരിശ്രമിക്കുകയാണ്. അങ്ങനെ അവൾ ഭക്ഷണമൊന്നും കഴിക്കാതെ എന്നെ വിഷമത്തിലാഴ്ത്തിയിരിക്കുകയാണ്. ഒരു നേരം മാത്രമാണ് ഭക്ഷണം കഴിക്കുന്നത്, അതും വളരെ കുറച്ച് മാത്രം. ഒന്നരമാസത്തിനുള്ളിൽ 14,15 പൗണ്ട് വരെ ഭാരം അവൾ കുറച്ചിരിക്കുന്നു. ഇതാണ് ആ മാതാവിന്റെ ആവലാതി. ഇപ്പോൾ ആ പെൺകുട്ടി കരുതുന്നത് റമദാൻ മാസം വന്നിരിക്കുന്നു. ഇതിൽ നോമ്പും കൂടി എടുക്കുകയാണെങ്കിൽ! അല്ലാഹുവിൽ നിന്ന് പ്രതിഫലം ലഭിക്കുന്നതോടൊപ്പം റമദാൻ ആയതുകൊണ്ട് ശൈത്വാൻ ബന്ധനസ്ഥനുമാണ്. അതു കാരണം സദ്പ്രവർത്തിയും ചെയ്യാൻ സാധിക്കും. അതേപോലെ ചിലർ നോമ്പെടുത്തു കഴിഞ്ഞാൽ പകൽ മുഴുവനും മറ്റൊരു ജോലിയും ചെയ്യാതെ നോമ്പിന് ക്ഷീണം പറ്റാതിരിക്കാൻ കിടന്നുറങ്ങുന്നവരുമുണ്ട്. അവർ കരുതുന്നത് ഇങ്ങനെ ചെയ്താലും നന്മയുടെ പ്രതിഫലം തങ്ങൾക്കും ലഭിക്കുമെന്നാണ്.

റമദാൻ വന്നിരിക്കുന്നു, നിങ്ങൾ നോമ്പ് അനുഷ്ഠിക്കുക, ഈ മാസം ശൈത്വാനെ ബന്ധനസ്ഥനാക്കിയിക്കുകയാണ്, സ്വർഗ്ഗത്തിന്റെ കവാടം തുറക്കപ്പെട്ടിരിക്കുന്നു, നരകകവാടങ്ങൾ അടക്കപ്പെടുകയും ചെയ്തിരിക്കുന്നു എന്ന് തിരുനബി (സ) പറഞ്ഞതോടൊപ്പം സൽപ്രവർത്തികൾ ചെയ്യാനും നമ്മോട് കൽപ്പിക്കുന്നു. നിങ്ങൾ അത്താഴം കഴിക്കുന്നുണ്ടെന്ന പ്രവർത്തി അല്ലാഹു പറഞ്ഞത് കൊണ്ട് ചെയ്യുന്നുണ്ടെന്നത് ശരി തന്നെ. അതേപോലെ വൈകുന്നേരം നോമ്പ് തുറക്കുകയും ചെയ്യുന്നു. ഇതെല്ലാം സൽപ്രവർത്തികൾ തന്നെ. ചിലർ ദിവസം മുഴുവനും നോമ്പ് എടുക്കുന്നവരുമുണ്ടെന്ന് ഞാൻ പറയുകയുണ്ടായി. എന്നാൽ നോമ്പ് കൊണ്ട് ലഭിക്കേണ്ട എല്ലാ പ്രതിഫലവും ഇതു മുഖേന ലഭിക്കുമെന്ന് നിങ്ങൾ കരുതരുത്. അതല്ലെങ്കിൽ നിങ്ങളുടെ ശൈത്വാൻ ഇതു മുഖേന ബന്ധിക്കപ്പെടുന്നതാണെന്ന് നിങ്ങൾ കരുതരുത്. ഇതുകൊണ്ടു മാത്രം സ്വർഗ്ഗകവാടങ്ങൾ നിങ്ങൾക്കായി തുറക്കപ്പെട്ടുമെന്നോ നരകം നിങ്ങൾക്ക് നിഷിദ്ധമായെന്നോ ധരിക്കരുത്. റമദാൻ മാസത്തിൽ ഇതിൽ നിന്നും ഫലമെടുക്കുന്നവർ സൽപ്രവർത്തികൾ കൂടി ചെയ്യുന്നവരാണ്. അല്ലാഹുവിനോടുള്ള ഭയം ഹൃദയത്തിൽ സ്ഥാപിച്ചുകൊണ്ട് വ്രതമനുഷ്ഠിക്കുകയും അതോടൊപ്പം തന്റെ സർവ്വപ്രവർത്തികൾ ദൈവപ്രീതിക്കനുഗുണമായി ചെയ്യുകയും ചെയ്യുമ്പോഴാണ് അതിൽ നിന്നും ഫലം കരസ്ഥമാകുക.

തിരുനബി(സ) മറ്റൊന്ന് പറഞ്ഞത് വിശ്വാസത്തിന്റെ അവസ്ഥയിൽ ആത്മപരിശോധന നടത്തിക്കൊണ്ട് ആരാണോ വ്രതമനുഷ്ഠിക്കുന്നത് അവരുടെ വ്രതമാണ് സ്വീകരിക്കപ്പെടുന്നത്.

അവർക്ക് സ്വർഗ്ഗം സമീപസ്ഥമാക്കപ്പെടുന്നതാണ്. അവരുടെ ശൈത്വാൻ ബന്ധനസ്ഥനാക്കപ്പെടുന്നതാണ്.

അതിനാൽ നോമ്പ് നമ്മെ നന്മ പ്രവർത്തിക്കുന്ന കാര്യത്തിൽ മുമ്പത്തെക്കാളുപരി ശ്രദ്ധ തിരിക്കുന്നതോടൊപ്പം തിന്മയിൽ നിന്ന് വിട്ട് നിൽക്കാൻ ഒരു വിശ്വാസിയെ പ്രേരിപ്പിക്കുന്നതുകൂടി ആയിരിക്കും. അതിനുവേണ്ടി അവൻ പരിശ്രമിക്കുന്നതാണ്. ഒരു വിശ്വാസി തന്റെ ആരാധനയുടെ നിലവാരം ഉയർത്താനും പരിശ്രമിക്കുന്നതാണ്. വെറും ഫർളുകൾ മാത്രം അനുഷ്ഠിക്കുന്നതിൽ ശ്രദ്ധിക്കാതെ നഫലുകളിലേക്കും അവന് ശ്രദ്ധയുണ്ടായിരിക്കും. അതും അതർഹിക്കും വിധം അനുഷ്ഠിക്കാൻ ഒരു വിശ്വാസി പരിശ്രമിക്കും. സൃഷ്ടികളോടുള്ള കടമ നിറവേറ്റുന്നതിലേക്കും ധനത്യാഗത്തിലേക്കും ദരിദ്രരുടെ അവകാശങ്ങൾ നിറവേറ്റുന്നതിലേക്കും അവൻ പൂർണ്ണമായും ശ്രദ്ധിക്കുന്നതായിരിക്കും. അപ്പോൾ മാത്രമേ റമദാൻ മാസത്തെ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നവനായിത്തീരുകയുള്ളൂ.

ധനത്യാഗത്തെക്കുറിച്ച് പറയുകയാണെങ്കിൽ തിരുനബി (സ) റമദാൻ ഒഴികെയുള്ള മാസങ്ങളിലും വർഷം മുഴുവനും നിർലോഭമായ രീതിയിൽ ധനത്യാഗം ചെയ്യാറുണ്ടായിരുന്നു. മറ്റുള്ളവരെ വളരെ കൂടുതൽ സഹായിച്ചിരുന്നു. ആർക്കും തന്നെ തിരുനബി (സ)യോളം എത്താൻ സാധിച്ചിരുന്നില്ല. എന്നാൽ റമദാൻ മാസത്തിൽ പറയപ്പെടുന്നത് ശക്തമായ കാറ്റ് വീശുന്ന വേഗത്തിലായിരുന്നു തിരുമേനി ധനം ആവശ്യക്കാർക്ക് വിതരണം ചെയ്തിരുന്നത്. ആരാധനയുടെ നിലവാരവും ഈ മാസം അതിന്റെ സീമകളെ ലംഘിച്ചിരുന്നു. തിരുനബി(സ)യുടെ ആരാധനയ്ക്ക് പൊതുവിൽ തന്നെ ഒരു സീമയുമില്ലായിരുന്നു. തിരുനബി (സ) നമ്മോട് പറഞ്ഞത്, റമദാൻ വന്നു, അതിൽ ഒന്നും ചെയ്യാതെ എല്ലാം നേടാൻ സാധിക്കും എന്ന് ധരിക്കേണ്ട. നോമ്പെടുത്തു, എല്ലാമായെന്നു കരുതണ്ട.

റമദാനിൽ നിന്നും എങ്ങനെ ഫലമെടുക്കാൻ സാധിക്കും? എന്നതിനെക്കുറിച്ച് ഒരു രിവായത്തിൽ വരുന്നു. ആദ്യം ഞാൻ പറഞ്ഞിരുന്നത് വിശ്വാസവും അതോടൊപ്പം ആത്മപരിശോധനയും നടത്തിക്കൊണ്ട് നോമ്പെടുക്കുക എന്നാണ്. തിരുനബി (സ) പറഞ്ഞ മറ്റൊരു കാര്യത്തിലേക്ക് നിങ്ങളുടെ ശ്രദ്ധ ക്ഷണിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. പറയുന്നു: കളവ് പറയുകയും, കളവ് പ്രവർത്തിക്കുകയും ചെയ്യുന്നതിൽ നിന്നും ആരാണോ വിട്ട് നിൽക്കാത്തത് അവർ വിശപ്പും ദാഹവും സഹിച്ച് നിൽക്കുന്നതുകൊണ്ട് അല്ലാഹുവിന്ന് ഒരാവശ്യവുമില്ല. അങ്ങനെയുള്ളവരുടെ നോമ്പ് വ്യർത്ഥമാണ്. അതിനാൽ ശൈത്വാൻ ബന്ധനസ്ഥനാണെന്നോർത്ത് നാം സന്തോഷിച്ചിരുന്നാൽ പോര. നോമ്പിന്റെ നിലവാരം ഉയർത്തുകയും അതിന്റെ കടമ നിറവേറ്റാൻ ശ്രമിക്കുകയും വേണ്ടതാണ്.

കളവ് പറയുന്നവർക്കും കളവ് പ്രവർത്തിക്കുന്നവർക്കും നോമ്പില്ല എന്ന് തിരുനബി(സ) പറയുകയുണ്ടായി. ഈ വചനത്തിൽ ചെറിയ ചെറിയ തിന്മകൾ മുതൽ വലിയ വലിയ തിന്മകളിലേക്ക് വരെ നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. തിരുനബി (സ) ഒരാളോട് ഏതവസ്ഥയിലും സത്യത്തിൽ അടിയുറച്ച് നിൽക്കണമെന്ന് പറഞ്ഞുകൊണ്ട് അദ്ദേഹത്തെ നാനാതരം തിന്മകളിൽ നിന്നും ബലഹീനതകളിൽ നിന്നും രക്ഷപ്പെടുത്തിയിരുന്നു. സത്യത്തിൽ നിലനിൽക്കുന്നതാണെന്ന പ്രതിജ്ഞയോടെ ആ വ്യക്തിയുടെ ധാർമ്മികവും ആത്മീയവുമായ എല്ലാ ന്യൂനതകളും ബലഹീനതകളും അകലുകയുണ്ടായി. അല്ലാഹു കളവിനെ ശിർക്കിന് തുല്യമായാണ് പറഞ്ഞത്. അവൻ പറയുന്നു.

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوا قَوْلَ

ഇതിനെ വിശദീകരിച്ചുകൊണ്ട് ഹദ്റത് മസീഹ് മൗഊദ് (അ) പറയുന്നു. ബിംബങ്ങളുടെ മാലിന്യങ്ങളിൽ നിന്നും കളവിന്റെ മാലിന്യങ്ങളിൽ നിന്നും ദൂരപ്പെടുക. ഇതിന്റെ ഒരു അർത്ഥം ഇതാണ്. ബിംബാരാധനയിൽ നിന്നും കളവ് പറയുന്നതിൽ നിന്നും വിട്ടുനിൽക്കുക. അതായത് കളവും ഒരു തരത്തിലുള്ള ബിംബമാണ്. അതിനെ ആശ്രയിക്കുന്നവൻ അല്ലാഹുവിനെ ആശ്രയിക്കുന്നത് വിടുന്നു. അതുകൊണ്ട് കളവു പറയുന്നതിലൂടെ അല്ലാഹുവിനെയും കൈവിടേണ്ടി വരുന്നു. തിരുനബി (സ) കളവ് പറയുന്നവർക്കും കളവ് പ്രവർത്തിക്കുന്നവർക്കും നോമ്പില്ല എന്ന് പറഞ്ഞതിനു കാരണം നോമ്പുകാരൻ പറയുന്നത് ഞാൻ അല്ലാഹുവിന്റെ കൽപനപ്രകാരമാണ് നോമ്പെടുക്കുന്നതെന്നാണ്. കാരണം അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

يَا أَيُّهَا الَّذِينَ آمَنُوا كُتِبَ عَلَيْكُمُ الصِّيَامُ

വിശ്വസിച്ചവരെ, നോമ്പ് നിങ്ങൾക്ക് നിർബന്ധമാക്കിയിരിക്കുന്നു. അതുകൊണ്ട് നിങ്ങൾ വ്രതമനുഷ്ഠിക്കുക. ഇവിടെ നോമ്പെടുക്കുന്നവർ പറയുന്നത് അല്ലാഹുവിന്റെ കൽപനപ്രകാരമാണ് നോമ്പെടുക്കുന്നത് എന്നാണ്. എന്നാൽ മറുഭാഗത്ത് ആരുടെ കൽപനപ്രകാരമാണോ നോമ്പെടുക്കുന്നത് അവനുപകരം കളവിനെ ദൈവമാക്കി പ്രതിഷ്ഠിക്കുകയും ചെയ്യുന്നു. ഈ ഇരുനിറം ശരിയല്ല. തിരുനബി(സ) മറ്റൊന്ന് പറഞ്ഞത്, 'അല്ലാഹു പറയുന്നു. മനുഷ്യന്റെ മറ്റെല്ലാ പ്രവർത്തിയും അവനു വേണ്ടിയുള്ളതാണ്. എന്നാൽ നോമ്പ് എനിക്കു വേണ്ടിയാണ്. ഞാൻ തന്നെ അതിന്റെ പ്രതിഫലമായിത്തീരുന്നതാണ്.' ഒരു കാര്യം അല്ലാഹുവിന്റെ കൽപനപ്രകാരം, അവനു വേണ്ടി അവന്റെ ഇഷ്ടം കരസ്ഥമാക്കാനായി ചെയ്യുകയും, അതോടൊപ്പം എന്റെ ഈ നോമ്പിന്റെ പ്രതിഫലം അല്ലാഹു സ്വയമായിത്തീരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്യുന്നതോടൊപ്പം നിത്യജീവിതത്തിൽ കളവിനെ ആശ്രയിക്കുകയും തന്റെ പ്രവർത്തനത്തിൽ കളവിന് പ്രവേശനം നൽകുകയും ചെയ്യുക എന്നതും ഒരുമിച്ച് നടക്കാത്ത കാര്യമാണ്. അല്ലാഹു പ്രതിഫലമായിത്തീരുമ്പോൾ അതിന് അതിരുകളുണ്ടാവില്ല. തിരുനബി (സ) നാവുകൊണ്ട് കളവു പറയരുത് എന്നു മാത്രമല്ല പറഞ്ഞത്. അതനുസരിച്ച് പ്രവർത്തിക്കരുത് എന്നും പറഞ്ഞിരിക്കുന്നു. പ്രവർത്തനപരമായ കളവ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് മനുഷ്യൻ പറയുന്നത് പ്രവർത്തിക്കാതിരിക്കലാണ്. നോമ്പിൽ ആരാധനയുടെ നിലവാരം ഉയരണം. നഫലുകളുടെ നിലവാരം ഉയരണം. എന്നാൽ ഇതിനായി പരിശ്രമിക്കുന്നില്ലെങ്കിൽ മുമ്പുള്ള അതേ ജീവിതം തന്നെ തുടരുകയാണെങ്കിൽ ഇതിനാണ് പ്രവർത്തനരാഹിത്യം എന്ന് പറയുന്നത്. തിരുനബി (സ) പറയുന്നു. നോമ്പുകാരനോട് ആരെങ്കിലും വഴക്കിന് വരികയാണെങ്കിൽ ഞാൻ നോമ്പുകാരനാണെന്ന് പറയുക. വഴക്കിന് മറുപടി പറയരുത്. ഇതാണ് നോമ്പിനോടുള്ള കടമ നിറവേറ്റൽ. വഴക്കിടുന്നവന് അതേ നാണയത്തിൽ മറുപടി നൽകുകയാണെങ്കിൽ ഇതു കളവായി മാറുന്നതാണ്. തന്റെ പ്രവർത്തനത്തിന്റെ കടമ നിറവേറ്റപ്പെടുന്നില്ലെങ്കിൽ അതും കളവാണ്. മറ്റുള്ളവരുടെ കടമകൾ നിറവേറ്റുന്നില്ലെങ്കിൽ ഈ പ്രവർത്തനവും കളവാണ്. ഭാര്യാഭർത്താക്കന്മാരുടെ പിണക്കം ദീർഘിച്ചുപോകുകയാണെങ്കിൽ, റമദാൻ വന്നിട്ടും തങ്ങളുടെ പരസ്പര ബന്ധത്തെ നന്നാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ, പരസ്പരമുള്ള സ്നേഹം നിലനിർത്താനും വർദ്ധിപ്പിക്കാനും ശ്രമിക്കുന്നില്ലെങ്കിൽ ഇതു ചെയ്ത് അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കി അല്ലാഹു തന്നെ തങ്ങളുടെ പ്രതിഫലമായിത്തീരാൻ ശ്രമിക്കുന്നില്ലെങ്കിൽ, ഞങ്ങൾ നോമ്പെടുത്തത് അല്ലാഹുവിനു വേണ്ടിയാണെന്ന് എത്ര വാചകമടിച്ചാലും അവരുടെ പ്രവർത്തനം അവരെ വ്യാജപ്പെടുത്തുകയാണ് ചെയ്യുന്നത്.

പ്രവർത്തനത്തിലെ കളവിനു വിവിധ വശങ്ങളുണ്ട്. അതിന്റെ ഒരു പാരമ്യതയെന്ന് പറയുന്നത് തങ്ങളുടെ ജോലികൾക്കും ഭൗതികമായ ലക്ഷ്യങ്ങൾക്കും തങ്ങളുടെ ഭൗതിക നേട്ടങ്ങൾക്കും നോമ്പെടുത്തിട്ടുകൂടി തങ്ങളുടെ ആരാധനകളേക്കാളും ദൈവ സ്മരണയേക്കാളും നഫലുകൾ അനുഷ്ഠിക്കുന്നതിനേക്കാളും വിശുദ്ധഖുർആൻ പഠനത്തിനേക്കാളുമെല്ലാം ശ്രേഷ്ഠത നൽകുക എന്നതുമാണ്. ചിലർ തങ്ങളുടെ ഭൗതിക നേട്ടത്തിനായി തങ്ങളുടെ ബിസിനസ്സിൽ കളവ് പറയുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ അല്ലാഹുവിനേകാളും പ്രാധാന്യം കളവിന് നൽകുന്നു.

ചുരുക്കത്തിൽ പ്രവർത്തനപരവും വാചികവുമായ കളവ് ശിർക്കിൽ പെട്ടതാണ്. തിരുനബി (സ) പറഞ്ഞത് അങ്ങനെയുള്ളവരുടെ നോമ്പ് വെറും പട്ടിണി മാത്രമാണ്. അല്ലാഹുവിന്റെ പക്കൽ അതിനൊരു പ്രാധാന്യവും ഇല്ല. റമദാൻ തീർച്ചയായും വിപ്ലവത്തിന് കാരണമാകുന്നു എന്നത് തികച്ചും സത്യമാണ്. ഇതിൽ ശൈത്വാൻ ബന്ധിക്കപ്പെടുന്നു എന്നതും തികച്ചും സത്യമാണ്. സ്വർഗ്ഗം സമീപസ്ഥമാക്കപ്പെടുകയും ചെയ്യുന്നു. എന്നാൽ ആർക്ക്? തങ്ങളുടെ അവസ്ഥ പവിത്രമാക്കാൻ ശ്രമിക്കുന്നവർക്ക്; തങ്ങളുടെ വാക്കും പ്രവർത്തിയും അല്ലാഹുവിന്റെ പ്രീതിക്കനുഗുണമാക്കാൻ ശ്രമിക്കുന്നവർക്ക്; അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ ശ്രമിക്കുന്നവർക്ക്. അല്ലാഹുവിന്റെ ഭരണം തങ്ങളിൽ നടപ്പിൽ വരുത്താൻ ശ്രമിക്കുന്നവർക്ക്. അല്ലാഹുവിന്റെ റഹ്മത്തും മഗ്ഫിറത്തും പൊറുക്കലും സാധാരണ ദിവസങ്ങളെ അപേക്ഷിച്ച് ഈ ദിനങ്ങളിൽ പലമടങ്ങ് വർദ്ധിക്കുന്നു. അതിൽ നിന്നും കഴിയുന്നത്ര ഫലമെടുക്കുക. തങ്ങളുടെ മനസ്സിലെ പൊയ്ദൈവങ്ങളെയും അതേപോലെ അറിഞ്ഞും അറിയാതേയും നാം പ്രതിഷ്ഠിക്കുന്ന അല്ലാഹുവല്ലാത്ത ദൈവങ്ങളെയും തച്ചുടച്ച് തകർത്തുതരിപ്പണമാക്കുക. അപ്പോഴാണ് ഒരു വിപ്ലവം നമ്മിൽ ഉണ്ടയിത്തീരുക.

അല്ലാഹുവിന്റെ ഭരണം നിലനിർത്താൻ വേണ്ടി നോമ്പിനോടൊപ്പം ആരാധനയുടെ ഉന്നത നിലവാരം സ്വായത്തമാക്കേണ്ടത് നിർബന്ധമാണ്. വിശുദ്ധ ഖുർആൻ കൂടുതൽ പാരായണം ചെയ്യുകയും അതിന്റെ അർത്ഥം മനസ്സിലാക്കുകയും അതിൽ ചിന്തിക്കുകയും ചെയ്യേണ്ടതും നിർബന്ധമാണ്. അതോടൊപ്പം ഈ ആരാധനകളുടെയും വിശുദ്ധ ഖുർആൻ പാരായണത്തിന്റെയും സ്വാധീനം തങ്ങളുടെ സ്വഭാവത്തിലും ബാഹ്യമായ പ്രവർത്തനങ്ങളിലും പ്രകടമാകുകയും വേണം. അപ്പോൾ മാത്രമേ പ്രവർത്തനത്തിന്റെ നേരും നന്മയും കാണാൻ സാധിക്കുകയുള്ളൂ. ഹദ്റത് മസീഹ് മൗഊദ്(അ) ഒരു സ്ഥലത്ത് പറയുന്നു.

‘ നിങ്ങൾ വധിക്കരുതെന്ന് ഉപദേശിക്കേണ്ട ആവശ്യം എനിക്ക് ഇപ്പോഴില്ല. കാരണം കടുത്ത ദുഷ്ടനല്ലാത്ത ആരാണ് അന്യായമായി ഒരാളെ കൊല്ലുക. എനിക്ക് പറയാനുള്ളത് അനീതിയിൽ ഉറച്ച് നിന്ന് സത്യത്തിന്റെ ശിരച്ഛേദം നടത്തരുതെന്നാണ്. ഒരു കുട്ടിയിൽ നിന്നാണെങ്കിൽ പോലും സത്യമാണെങ്കിൽ സ്വീകരിക്കുക. (എതിരാളികളിൽ വല്ല സത്യവും കണ്ടാൽ നിങ്ങളുടെ തർക്കങ്ങളെല്ലാം ഉടനടി വെടിയുക. എന്റെ എതിരാളിയായതു കൊണ്ട് സത്യം പറഞ്ഞാലും സ്വീകരിക്കരുതെന്ന നിലപാട് എടുക്കാൻ പാടില്ല. സത്യമാണെന്ന് മനസ്സിലായാൽ വാദങ്ങളും തെളിവുകളും നികത്താതെ പിന്മാറുക. സത്യത്തെ സ്വീകരിക്കുക.) പറയുന്നു. സത്യത്തിൽ അടിയുറച്ചു നിൽക്കുക. സത്യസാക്ഷ്യം നൽകുക. അല്ലാഹു പറയുന്നു.

فَاجْتَنِبُوا الرِّجْسَ مِنَ الْأَوْثَانِ وَاجْتَنِبُوا قَوْلَ الزُّوْرِ ۝

‘ബിംബങ്ങളുടെ മാലിന്യങ്ങളിൽ നിന്നും രക്ഷപ്പെടുക. കളവിൽ നിന്നും. അത് ബിംബത്തിൽ നിന്നും കുറഞ്ഞതൊന്നുമല്ല. നിങ്ങളുടെ സത്യത്തിൽ നിന്നും മുഖം തിരിപ്പിക്കുന്ന വസ്തുവാണ് നിങ്ങളുടെ മാർഗ്ഗത്തിലെ ബിംബം. സത്യസാക്ഷ്യം നൽകുക. അത് നിങ്ങളുടെ പിതാക്കൾക്കെതിരിലോ, സഹോദരങ്ങൾക്കെതിരിലോ, സുഹൃത്തുക്കൾക്കെതിരിലോ ആണെങ്കിലും ശരി. ഒരുവിധ ശത്രുതയും ഇതിനു തടസ്സമാകാതിരിക്കട്ടെ.’ (എന്തുതന്നെയുള്ള ശത്രുതയാണെങ്കിലും നിങ്ങളുടെ സത്യസന്ധതയിൽ അതൊരു തടസ്സമായി നിൽക്കരുത്) പറയുന്നു. നാവിന്റെ ഉപദ്രവം വളരെ അപകടകരമാണ്. അതുകൊണ്ട് മുത്തഖിയായ ഒരാൾ തന്റെ നാവിനെ വളരെയധികം നിയന്ത്രിക്കുന്നു. തഖ്‌വക്ക് വിരുദ്ധമായ ഒന്നും അയാളുടെ നാവിൽ നിന്നും വരില്ല. അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ നാവിനെ നിയന്ത്രിക്കുക. നാവുകൾ നിങ്ങളെ നിയന്ത്രിക്കാതിരിക്കട്ടെ. അതുമിതും പുലമ്പാതിരിക്കട്ടെ.

ഇതാണ് തഖ്‌വ. റമദാനിൽ ഈ തഖ്‌വകളുടെ മാർഗ്ഗത്തിൽ ചരിക്കാൻ കഴിയുന്നത്ര പരിശ്രമിക്കേണ്ടതാണ്. അങ്ങനെ നമുക്ക് അല്ലാഹുവിന്റെ സാമീപ്യം കരസ്ഥമാക്കാൻ സാധിക്കുന്നതാണ്. മലർക്കെ തുറന്നിട്ടിരിക്കുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നത് നമുക്ക് എളുപ്പമായിത്തീരട്ടെ.

നാം ഓരോരുത്തരും ഒരാത്മപരിശോധന നടത്തുകയാണെങ്കിൽ ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ ഈ വേദനാനിർഭരമായ ഉപദേശമനുസരിച്ച് പ്രവർത്തിക്കുന്നവർ എത്ര മാത്രമുണ്ടെന്ന് മനസ്സിലാകുന്നതാണ്. ഇസാലെ ഔഹാം എന്ന പുസ്തകത്തിൽ തന്റെ അനുയായികൾക്കായി പ്രത്യേകം നൽകിയ ഉപദേശമാണിത്. അതുകൊണ്ട് നമ്മിൽ ഓരോരുത്തരും നീതിയിൽ നിലനിന്നുകൊണ്ട് സത്യത്തെ ഗളച്ഛേദം ചെയ്യുന്നതിൽ നിന്നും രക്ഷപ്പെട്ടാൽ നമ്മുടെ വീടുകളിലുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതാണ്.

സഹോദരന്മാർക്കിടയിലുള്ള പിണക്കങ്ങൾ ഇടക്കിടക്കുണ്ടാകാറുണ്ട്. അതിന്റെ കേസ് ഖളായിൽ വരാറുണ്ട്. അത് അകലുന്നതാണ്. ചുരുങ്ങിയ പക്ഷം അഹ്മദീ സൊസൈറ്റിയിൽ ഇടപാടുകളുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കപ്പെടുന്നതായിരിക്കും. ഈ പ്രശ്നങ്ങളെല്ലാം ഉണ്ടാകുന്നത് സത്യത്തിൽ അടിയുറച്ച് നിൽക്കാത്തതു കൊണ്ടാണ്. അതുകൊണ്ടാണ് ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞത്, നിങ്ങളുടെ സത്യത്തിന്റെ നിലവാരം ഉയർത്തുക. എത്രമാത്രമെന്നാൽ സത്യം ഒരു കുട്ടിയാണ് പറയുന്നതെങ്കിൽ പോലും അത് സ്വീകരിക്കുക. തന്മൂലം പല തിന്മകളിൽ നിന്നും രക്ഷപ്പെടാൻ സാധിക്കുന്നതാണ്. എന്നെ ചെറിയ കുട്ടിയല്ലെ ഉപദേശിക്കുന്നതെന്നോ, ഇവനാണോ എന്നെ സത്യത്തിലേക്ക് വഴികാട്ടുന്നതെന്നോ, ഈ ദരിദ്രനാണോ എന്നോട് സത്യം പറയുന്നതെന്നോ ഉള്ള അഹങ്കാരത്തിന്റെ തല പൊങ്ങില്ല.

അതിനാൽ സത്യം സ്വീകരിക്കാനും വിനയം അനിവാര്യമാണ്. ഈ വിനയം  അല്ലാഹുവിന് ഇഷ്ടമുള്ള ഒരു നന്മയാണ്. സത്യത്തിന്റെ നന്മ കാരണം എന്തെല്ലാം നന്മകളാണ് പിറവിയെടുക്കുന്നതെന്ന് നോക്കുക. ഒരു നന്മക്ക് ശേഷം അടുത്ത നന്മ പിറന്നുകൊണ്ടിരിക്കുന്നു. ഈ കാര്യങ്ങളാണ് പിന്നീട് അല്ലാഹുവിന്റെ പ്രീതി  കരസ്ഥമാക്കാനുതകുന്നത്.

ഇവിടെ ഹദ്റത് മസീഹ് മൗഊദ് (അ) നമുക്ക് നൽകിയ ഉപദേശത്തിൽ പ്രധാനപ്പെട്ടത് നിങ്ങളുടെ ലക്ഷ്യത്തിൽ നിന്നും മുഖം തിരിപ്പിക്കുന്ന പ്രവർത്തി നിങ്ങളുടെ വഴിയിലുള്ള ബിംബമാണെന്നാണ്. അതുകൊണ്ട് റമദാനിൽ നിന്നും പൂർണ്ണമായും പ്രയോജനമെടുക്കണമെന്നുണ്ടെങ്കിൽ ശൈത്വാനെ ബന്ധനസ്ഥനാക്കിയതിൽ നിന്നും സ്വർഗ്ഗം തുറക്കപ്പെട്ടതിൽ നിന്നും നരകം അടക്കപ്പെട്ടതിൽ നിന്നും പൂർണ്ണമായും പ്രയോജനമടയണമെന്നുണ്ടെങ്കിൽ നമുക്ക് നമ്മുടെ സത്യത്തിന്റെ സ്ഥാനത്തെ

ശരിപ്പെടുത്തേണ്ടതായി വരും. നമ്മുടെ ലക്ഷ്യം അല്ലാഹുവിലേക്കായാൽ മാത്രമേ അല്ലാഹുവിന്റെ ഈ അനുഗ്രഹത്തിൽ നിന്നും നമുക്ക് പ്രയോജനമടയാൻ സാധിക്കുകയുള്ളൂ. റമദാന്റെ അനുഗ്രഹം കാരണമായി സ്വർഗ്ഗത്തിന്റെ കവാടം നിങ്ങൾക്കായി ഞാൻ തുറന്നിട്ടിട്ടുണ്ടെന്ന് അല്ലാഹു പറഞ്ഞതിൽ നിന്നും ഫലമെടുക്കാൻ സാധിക്കുകയുള്ളൂ. നിങ്ങളുടെ വാക്കിലും പ്രവർത്തിയിലും നിങ്ങളുടെ സത്യത്തിന്റെ നിലവാരം ഉയർത്തുക എന്ന തിരുനബി(സ)യുടെ ഉപദേശത്തെക്കുറിച്ച് ചിന്തിച്ചും പ്രവർത്തിച്ചും നമുക്ക് സ്വർഗ്ഗത്തിന്റെ അവകാശികളായിത്തീരാൻ സാധിക്കുന്നതാണ്. ഇതിലേക്ക് നിങ്ങൾ ശ്രദ്ധിക്കുന്നില്ലെങ്കിൽ നിങ്ങൾ പട്ടിണികിടക്കുന്നതുകൊണ്ട് അല്ലാഹുവിന് ഒരാവശ്യവും ഇല്ല. ഇബാദത്തിന്റേയും നന്മയുടേയും വിവിധ മാർഗ്ഗങ്ങൾ പറഞ്ഞുകൊണ്ട് ഇതനുസരിച്ച് പ്രവർത്തിക്കുന്നവർക്ക് പാരിതോഷികം നൽകുന്നത് അല്ലാഹുവിന്റെ വലിയ ഔദാര്യമാണ്. റമദാൻ മാസത്തിൽ ഈ ഇബാദത്തുകളും നന്മകളും കാരണമായി ഈ പരിതോഷികങ്ങൾ കരസ്ഥമാക്കാനുള്ള എല്ലാ അതിരുകളേയും എടുത്ത് കളഞ്ഞിരിക്കുകയാണ്. സമ്മാനങ്ങൾ കരസ്ഥമാക്കാനുള്ള അനന്തമായ മാർഗ്ഗങ്ങൾ തുറന്നിട്ടിരിക്കുകയാണ്. പറയുന്നു. വരിക, എന്റെ തൃപ്തിയുടെ സ്വർഗ്ഗത്തിൽ പ്രവേശിക്കുക. ഏന്നാൽ ഓർക്കുക. ഇതിൽ പ്രവേശിക്കാനായി വാക്കിലും പ്രവർത്തിയിലും സത്യത്തെ സ്വീകരിക്കേണ്ടിയിരിക്കുന്നു.

ഈ ലക്ഷ്യത്തെ പിൻപറ്റുകയാണെങ്കിൽ, ഇക്കാലത്ത് എല്ലാ വണ്ടികൾക്കും നാവിഗേറ്റർ ഘടിപ്പിച്ചിട്ടുള്ളതുപോലെ ഈ നാവിഗേറ്റർ മുഖേന നിങ്ങൾ ലക്ഷ്യ സ്ഥാനത്ത് എത്തിച്ചേരുന്നതാണ്. അല്ലെങ്കിൽ വഴി കാണാതെ അലയുന്നതായിരിക്കും. ഭൗതികമായ നാവിഗേറ്ററിൽ ചിലപ്പോൾ തെറ്റും പറ്റാറുണ്ട്. ശരിയായ രീതിയിൽ എല്ലാം അതിൽ ഫീഡ് ചെയ്യപ്പെടണമെന്നില്ല. പുതിയ റോഡുകൾ ചിലപ്പോൾ ഉണ്ടായിട്ടുണ്ടായിരിക്കും. രണ്ടു വഴികളുണ്ടെങ്കിൽ ചിലപ്പോൾ ഒരു വഴി മാത്രമായിരിക്കും കാണിക്കുക. വളരെയധികം ചുറ്റിക്കറങ്ങേണ്ടി വരുന്നു. ചെറിയ വഴികൾ തിരഞ്ഞ് ഇടവഴികളിൽ കറങ്ങിക്കൊണ്ടിരിക്കും. ചിലപ്പോൾ ട്രാഫിക്കിന്റെ തടസ്സം നേരിട്ടേക്കാം. അല്ലാഹുവിലേക്ക് നമ്മുടെ ലക്ഷ്യം ശരിയായിക്കഴിഞ്ഞാൽ നേരെ സ്വർഗ്ഗത്തിന്റെ കവാടത്തിലേക്ക് മനുഷ്യൻ എത്തിച്ചേരുന്നതാണ്.

അതുകൊണ്ട് ഈ റമദാനിൽ നമ്മുടെ ലക്ഷ്യം ശരിയാക്കാനായി ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്. തങ്ങളുടെ വാക്കിലും പ്രവർത്തിയിലും സത്യത്തിന്റെ നിലവാരം ഉയർത്തുക. അല്ലാഹുവിന്റെ പ്രീതിയുടെ സ്വർഗ്ഗത്തിൽ പോകാനായി ശ്രമിക്കുക. അല്ലാഹു നമുക്കതിനുള്ള തൗഫീഖ് നൽകട്ടെ. ഈ വിഷയം ഞാൻ അൽപം ചുരുക്കിയിരിക്കുകയാണ്. അല്ലാഹു ഉദ്ദേശിച്ചാൽ അടുത്ത ജുമുഅയിൽ ബാക്കി വിവരിക്കുന്നതാണ്. ചുരുക്കാനുള്ള കാരണം നമ്മുടെ ജമാഅത്തിലെ പഴയകാല സുഹൃത്തിനെ കുറിച്ച് സ്മരിക്കുവാൻ ആഗ്രഹിക്കുകയാണ്. അദ്ദേഹം കഴിഞ്ഞ ദിവസം വഫാത്താകുകയുണ്ടായി.

ബഹുമാന്യ ശബീർ അഹ്മദ് സാഹിബാണ് ഈ വ്യക്തി. പാകിസ്ഥാനിൽ എല്ലാ അഹ്മദികളും, ചുരുങ്ങിയ പക്ഷം ജമാഅത്തിലെ ഭൂരിഭാഗം ആളുകളും അദ്ദേഹത്തെ അറിയുന്നവരായിരിക്കും. പഴയകാലത്തുള്ളവർ എല്ലാവരും അദ്ദേഹത്തെ അറിയുന്നതാണ്. ഒരു ദീർഘകാലം വക്കീലുൽ മാൽ അവ്വൽ എന്ന സ്ഥാനം അലങ്കരിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. ജമാഅത്തിന്റെ ഇപ്പോഴുള്ള സംവിധാനത്തിന്റെ അടിസ്ഥാന ശിലയല്ലെങ്കിലും ഇടക്കുള്ള ശിലയായി പ്രവർത്തിച്ചിട്ടുണ്ട്. ഹദ്റത് മുസ്ലിഹ് മൗഊദ്(റ)ന്റെ ശിക്ഷണത്തിൽ വളരാൻ ഇദ്ദേഹത്തിന് സാധിച്ചു. ഇവർ നിസ്വാർത്ഥമായി ജമാഅത്തിന്റെ സേവനം ചെയ്തുകൊണ്ടിരുന്നു. നാം ഇന്ന് അനുഭവിക്കുന്ന ഫലങ്ങളിൽ ആദ്യകാല നിസ്വാർത്ഥ സേവകരുടെ വലിയ ഒരു പങ്കുണ്ട്. ഇദ്ദേഹത്തെ കൂടാതെ മറ്റു ചിലരേയും അനുസ്മരിക്കുന്നതായിരിക്കും.

ബഹുമാന്യ ചൗധരി ശബീർ അഹ്മദ് സാഹിബിനെ കുറിച്ച് ചെറിയ രീതിയിൽ വിവരിക്കാനാണ് ഞാൻ ആഗ്രഹിക്കുന്നത്. 2012 ജൂലൈ 22ന് 95ാം വയസ്സിലാണ് ഇദ്ദേഹം വഫാത്തായത്. اِنَّا لِلّٰہِ وَاِنَّآ اِلَیْہِ رٰجِعُوْنَ അദ്ദേഹത്തിന്റെ പിതാവ് ഹാഫിള് അബ്ദുൽ അസീസ് സാഹിബ്, മാതാവ് ഹ: ആയിഷാ ബീഗം സാഹിബ രണ്ടുപേരും ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ സഹാബിമാരാണ്. ഇദ്ദേഹത്തിന്റെ ഉപ്പാപ്പ ഖലീഫത്തുൽ മസീഹ് സാനിയുടെ കാലത്താണ് ബൈഅത്ത് ചെയ്തത്. ഉപ്പാപ്പ നബി ബക്ഷ് സാഹിബ് ജമ്മുവിലെ ഭൂ ഉടമയായിരുന്നു. മുസ്ലിംകളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതു കാരണം വിക്ടോറിയ രാജ്ഞിയുടെ കാലത്ത് തന്നെ ഹിജ്റത്ത് ചെയ്ത് സിയാൽക്കോട്ടിൽ വന്നു. ചൗധരി ശബീർ സാഹിബിന്റെ പിതാവും ഉന്നത ധാർമ്മിക ഗുണങ്ങളുള്ള വ്യക്തിത്വമായിരുന്നു. ഖുർആൻ പൂർണ്ണമായും മന:പാഠമാക്കിയതു കാരണം തന്റെ പ്രദേശത്ത് അറിയപ്പെടുന്ന ആളായിരുന്നു. കുട്ടികളുടെ തർബിയ്യത്ത് മതപരമായ അന്തരീക്ഷത്തിൽ തന്നെയാണ് അദ്ദേഹം ചെയ്തത്.

ചൗധരി ശബീർ അഹ്മദ് സാഹിബ് പ്രാഥമിക വിദ്യഭ്യാസം മിഷൻ മിഡിൽ സ്കൂൾ സിയാൽക്കോട്ടിൽ നിന്ന് കരസ്ഥമാക്കി. 1931ൽ എട്ടാം ക്ലാസ്സ് പാസ്സായി. തുടർന്ന് തർബിയ്യത്തിനായി പിതാവ് അദ്ദേഹത്തെ ഖാദിയാനിലേക്കയച്ചു. മെട്രിക്ക് തഅ്ലീമുൽ ഇസ്ലാം ഖാദിയാനിൽ നിന്നും കരസ്ഥമാക്കി. ഖലീഫത്തുൽ മസീഹ് സാനിയുടെ സഹവാസം ലഭിച്ചു. അതിൽ നിന്നും കുറേ ഫലമെടുത്തു. പദ്യപാരായണത്തിന് വലിയ തൽപര്യമായിരുന്നു. പദ്യപാരായണത്തിനുള്ള പല അവസരങ്ങളും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്. സീറത്തുന്നബി സമ്മേളനത്തിൽ ഖാദിയാനിൽ മുസ്ലിഹ് മൗഊദ് (റ)ന്റെ പ്രസംഗത്തിന് മുമ്പേ ആദ്യമായി പദ്യപാരായണം നടത്തി. മെട്രിക്ക് കഴിഞ്ഞതിനു ശേഷം ഖാദിയാനിൽ കോളേജ് ഇല്ലാത്തതു കാരണം സിയാൽകോട്ട് കോളേജിൽ നിന്നും ബി.എ പാസ്സായി. കുറച്ചു കാലം ഖാദിയാനിൽ താമസിച്ചു. തുടർന്ന് ഹ: മൗലവി ശേർ അലി സാഹിബിന്റെ കൂടെ ഓഫീസിൽ ജോലി ചെയ്തു. ഹ: മൗലവി ശേർ അലി സാഹിബ് ഇംഗ്ലീഷിൽ വിശുദ്ധ ഖുർആൻ തർജ്ജമ തയ്യാറാക്കുന്നതിൽ വ്യാപൃതനായിരുന്നു. അദ്ദേഹത്തിന്റെ കൂടെ റ്റൈപ്പിംഗ് ജോലി ചെയ്തുകൊണ്ടിരുന്നു. ജോലി അമ്പേഷിച്ച് ലാഹോറിൽ വന്നു. പത്രപ്രവർത്തനരംഗത്ത് കുറച്ചു കാലം ജോലി ചെയ്തു. നല്ല കവിയും കൂടിയായിരുന്നു. നല്ല ഈണത്തിൽ തന്റെ പദ്യങ്ങൾ ആലപിക്കാറുണ്ടായിരുന്നു. സംസാരത്തിൽ വളരെ പക്വതയും അതേപോലെ കഠിനാദ്ധ്വാനിയും ആയിരുന്നു. നന്മകളുടെ ഒരു സമ്മേളിത രൂപമായിരുന്നു. 1940ൽ മിലിട്ടറി എക്കൗണ്ടിന്റെ പരീക്ഷ പാസ്സായി. 11 വർഷവും അവിടെ ജോലി ചെയ്യുകയും ചെയ്തു. 1944ൽ ജോലിക്കിടയിൽ തന്നെ ജമാഅത്തിന് വഖ്ഫ് ചെയ്തിരുന്നു. ഹദ്റത് മുസ്ലിഹ് മൗഊദ് (റ) 1950ൽ ഇദ്ദേഹത്തെ വിളിക്കുകയും സ്വയം തന്നെ ഇന്റർവ്യൂ നടത്തുകയും ചെയ്തു. തുടർന്ന് ജോലിയിൽ നിന്നും രാജി വെച്ച് റബ്വയിൽ വന്നു. നാഇബ് വക്കീലായും തുടർന്ന് 1960ൽ വക്കീലുൽ മാൽ അവ്വലായും മരണം വരെ സേവനമനുഷ്ഠിച്ചു. 52 വർഷം വക്കീലുൽ മാൽ അവ്വലായി പ്രവർത്തിച്ചു. ഖിലാഫത്തെ സാനിയ മുതൽ ഇതുവരെ സേവനം ചെയ്യാനുള്ള തൗഫീഖ് അല്ലാഹു നൽകി. കീഴ്ഘടകങ്ങളിലും നല്ല പോലെ പ്രവർത്തിച്ചിട്ടുണ്ട്. റബ്വയിൽ ആദ്യത്തെ മുഅ്ത്തമിദ് മജ്ലിസ് ഖുദ്ദാമുൽ

അഹ്മദിയ്യാ മർകസ്സിയ്യായി പ്രവർത്തിച്ചു. ഖുദ്ദാമുൽ അഹ്മദിയ്യാ യുടെ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചിട്ടുണ്ട്. നാഇബ് സദ്ർ സഫ്ഫേ ദോം മജ്‌ലിസ് അൻസാറുല്ലാഹ് ആയും പ്രവർത്തിച്ചു. റുക്‌നെ ഖുസൂസിയായി ഒരു ദീർഘകാലം പ്രവർത്തിച്ചു. മജ്‌ലിസ് കാർപർദാസ് മെമ്പറായിരുന്നു. ഖാസിയും ആയിരുന്നു. 1960ൽ ഹദ്റത് മിർസാ ബശീർ അഹ്മദ് സാഹിബിന്റെ ഭാര്യയുടെ ഭാഗത്ത് നിന്ന് ഹജ്ജ് ബദലിനുള്ള തൗഫീഖും ലഭിച്ചു.

വിവിധ നാടുകളിൽ സന്ദർശനത്തിനായി പോയിരുന്നു. 1965 മുതൽ 1983 വരെ റബ്‌വയിലെ ജൽസയിൽ ദുർറെ സമീൻ എന്ന ഗ്രന്ഥത്തിൽ നിന്ന് പദ്യമാലപിക്കാനുള്ള തൗഫീഖ് ലഭിച്ചു കൊണ്ടിരുന്നു. ഇവിടെ യു.കെയിൽ 1986ലും 1998ലും പദ്യമാല പിക്കാനുള്ള അവസരം ലഭിച്ചു. ഖലീഫത്തുൽ മസീഹ് റാബിഅ് ഇദ്ദേഹത്തിന്റെ പദ്യം കേട്ടപ്പോൾ ഒരിക്കൽ പറഞ്ഞു, റബ്‌വയി ലും ഖാദിയാനിലും നടക്കാറുണ്ടായിരുന്ന പഴയകാല ജൽസ കളെ താങ്കൾ ഈ പദ്യാലാപനത്തിലൂടെ ഓർമ്മിപ്പിക്കുകയു ണ്ടായി എന്ന്.

ഇദ്ദേഹത്തിലുണ്ടായിരുന്ന ഒരു ഗുണം ഇതാണ്. പര്യടനത്തി നായി പോകുമ്പോൾ പ്രൊജക്ടറും സ്ലൈഡ്സുകളും കൂടെ ക്കൊണ്ടുപോകും. അതിൽ കൂടുതലും വിദേശത്തുള്ള മിഷൻ ഹൗസുകളുടെയും പള്ളികളുടെയും വിവരങ്ങൾ അടങ്ങുന്നതാ യിരിക്കും. ദീർഘപ്രസംഗങ്ങളൊന്നും ചെയ്യാതെ ലോകത്ത് നമ്മുടെ മിഷൻ എവിടെ സ്ഥാപിക്കുന്നു എന്നും സ്കൂളുകളും ആശുപത്രികളും എവിടെയെല്ലാം ഉണ്ടാക്കിക്കൊണ്ടിരിക്കുന്നു ണ്ടെന്നും എല്ലാം കാണിച്ചിരുന്നു. പള്ളികൾ നിർമ്മിക്കുന്നതും അതിൽ കാണിക്കും. ഈ സ്ലൈഡ്സുകൾ കാണിക്കുമ്പോൾ നമ്മുടെ ആളുകൾക്ക് തർബിയ്യത്തിന് കാരണമാകുന്നതോ ടൊപ്പം അവരുടെ ത്യാഗമനോഭാവം വർദ്ധിക്കുന്നതിന് കാരണ മാകുകയും ചെയ്യുന്നു. ഇതോടൊപ്പം ചെറിയ ചെറിയ ഗ്രാമങ്ങ ളിൽ ഇതു കാണാൻ അനഹ്മദികളും ഒത്തുകൂടാറുണ്ട്. അങ്ങ നെ അഹ്മദിയ്യാ ജമാഅത്ത് ഇസ്‌ലാമിന്ന് വേണ്ടി ഏതു രീതി യിലുള്ള സേവനമാണ് ചെയ്യുന്നത് എന്നവർക്ക് അറിയാനും സാധിക്കുന്നതാണ്. ഇങ്ങനെ തബ്‌ലീഗിനുള്ള അവസരവും ഒരു ങ്ങിയിരുന്നു. നീണ്ട ചർച്ചകൾക്കും സംസാരത്തിനും പകരം പ്രൊജക്ടർ മുഖേന തബ്‌ലീഗിന്റെ കുറേ പ്രവർത്തനങ്ങൾ ഇദ്ദേഹം ചെയ്തിരുന്നു. അദ്ദേഹത്തിന് കഴിയുന്നിടത്തോളം കാലം ഈ രീതിയിൽ തബ്‌ലീഗും തർബിയ്യത്തും ചെയ്തു കൊണ്ടിരുന്നു.

2009ലെ ജൽസയിൽ ഇവിടെ വന്നിരുന്നു. ഖിലാഫത്തെ ജൂബി ലിയുടെ കൃതജ്ഞത പ്രകടനത്തിന്റെ റിപ്പോർട്ട് അവതരിപ്പിക്കാൻ ഇദ്ദേഹത്തിന് കഴിഞ്ഞു. ജമാഅത്തിന്റെ ഭാഗത്തു നിന്നു ഖലീ ഫക്ക് ജമാഅത്തിന്റെ പ്രവർത്തനത്തിന് വിനിയോഗിക്കുന്നതിനാ യുള്ള ഫണ്ട് സമർപ്പിക്കാനും ഇദ്ദേഹത്തിനാണ് തൗഫീഖ് ലഭിച്ചത്.

ഇദ്ദേഹത്തിന്റെ ഒരു മകൻ അമേരിക്കയിൽ മുബല്ലിഗാണ്. വഖ്ഫെ സിന്ദഗിയാണ്. മറ്റൊരു മകൻ വഖ്ഫെ സിന്ദഗി റബ്‌വ യിലാണ്. രിശ്ത്തനാഥയിൽ നാഇബ് നാസിറാണ്. മൂന്നാമത്തെ മകൻ കുറച്ച് കാലത്തേക്ക് വഖ്ഫ് ചെയ്തിരുന്നു. ഫള്ൽ അഹ് മദ് താഹിർ. താത്കാലിക വഖ്ഫ് ചെയ്ത് ആഫ്രിക്കയിൽ പോയി രുന്നു. പിന്നീട് ഇവിടേക്ക് വന്നു. യു.കെ ജമാഅത്തിലെ സെക്ര ട്ടറി തഅ്‌ലീമാണ്. മൂന്ന് ആൺകുട്ടികളാണ് ഇവർ. പെൺകുട്ടി കളും ജമാഅത്തുമായി നല്ല ബന്ധത്തിലാണ്. ഭർത്താക്കന്മാ രെല്ലാം ജമാഅത്തുമായി നല്ല അടുപ്പത്തിൽ തന്നെ. ഇദ്ദേഹത്തി ലുണ്ടായിരുന്ന ഒരു ഗുണം അനഹ്മദി ബന്ധുക്കളെ തബ്‌ലീഗ് ചെയ്തുകൊണ്ടിരുന്നിരുന്നു. നമ്മുടെ തബ്‌ലീഗ് വിഷയവുമായി ബന്ധപ്പെട്ട മാഗസിനുകൾ അവരുടെ പേരിൽ പോസ്റ്റ് ചെയ്യു മായിരുന്നു. അൽഫസ്‌ലോ മറ്റു മാഗസിനുകളോ അയച്ചു കൊടു ത്തു കൊണ്ടിരുന്നു.

ഓഫീസിലുള്ളവരുമായി നല്ല രീതിയിലാണ് ബന്ധപ്പെട്ടിരു ന്നത്. ഇദ്ദേഹത്തിന്റെ ഒരു കീഴുദ്യോഗസ്ഥൻ പറയുന്നു. ഇദ്ദേഹം സൈക്കിളിലാണ് ഓഫീസിൽ വരാറുള്ളത്. കൂടുതൽ രോഗി യായപ്പോൾ ഇദ്ദേഹത്തിന് കാറ് നൽകണമെന്ന് ഞാൻ തന്നെ യാണ് പറഞ്ഞത്. ഇതിനുമുമ്പും ഉപയോഗിച്ചിട്ടുണ്ടായിരിക്കാം. ഒരിക്കൽ ഇദ്ദേഹത്തെ കൊണ്ടുവരാനായി കാറയക്കാൻ വൈകി പോയി. ഇദ്ദേഹം ദേഷ്യം പിടിക്കാതെ അദ്ദേഹത്തിന്റേതായ ശൈലിയിൽ അതിനു മറുപടി നൽകി. വളരെ മയത്തോടെ സംസാരിക്കുമായിരുന്നു. ജോലിക്കാരൻ പറയുന്നു. വണ്ടി വൈ കാൻ കാരണമെന്തെന്ന് ചോദിക്കാതെ ഒരു കവറിൽ അൽപം ബദാം ഇട്ട് കൊടുത്തയച്ചുകൊണ്ട് പറഞ്ഞു. ഇത് കഴിക്കുക, ഓർമ്മശക്തി വർദ്ധിക്കും.

മകൾ പറയുന്നു. വീട്ടിലും കൂടുതൽ ഉപദേശിക്കാതെ തന്നെ പ്രവർത്തന മാതൃകയാണ് കാണിച്ചിരുന്നത്. അത് കണ്ട് ഞങ്ങൾ കാര്യങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കും. ചില നേരങ്ങളിൽ ഇസ്‌ലാഹ് വരുത്താനായി വല്ല കഥയും പറഞ്ഞ് കേൾപ്പിക്കും. ഇദ്ദേഹത്തിന്റെ ഒരു മകൾ പറയുന്നു. രോഗശയ്യയിലായിരുന്ന പ്പോൾ ഈ അവസാന നാളുകളിൽ അദ്ദേഹം പറഞ്ഞു. പദ്യം ഇറങ്ങികൊണ്ടിരിക്കുകയാണ്. എഴുതി വെക്കുക.

خدمت دین کی خاطر میرے مولیٰ
خدمت دین کی خاطر مجھے قربان کر دے
وقت رخصت میرے واسطے وقت راحت
وقت رخصت میرے واسطے آسان کر دے
رخصتی کو میرے واسطے شادان کر دے

ഇതായിരുന്നു ഇദ്ദേഹത്തിന്റെ അവസാന പദ്യങ്ങൾ.

മറ്റൊരു ഗുണം എപ്പോഴും നന്ദി പ്രകടിപ്പിച്ചുകൊണ്ട് അല്ലാഹുവിനെ സ്തുതിക്കുമായിരുന്നു. ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ഇദ്ദേഹത്തിന്റെ വഖ്ഫ് സ്വീകരിച്ചപ്പോൾ അദ്ദേഹ ത്തിന് നൽകിയ ഉപദേശം എല്ലാ വഖ്ഫെ സിന്ദഗികളും ഓർക്കേ ണ്ടതാണ്. ഒരു മാതാവ് തന്റെ കുട്ടിയെ ഓർത്ത് ഉത്കണ്ഠപ്പെടു ന്നതുപോലെ ജമാഅത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് എപ്പോഴും ഉത്കണ്ഠ ഉണ്ടായിരിക്കണം. അദ്ദേഹം ഈ ഉപദേശം ശിരസ്സാ വഹിക്കുകയും അത് ജീവിതത്തിലുടനീളം പ്രാവർത്തിക മാക്കുകയും ചെയ്തു. രോഗിയായാലും വീട്ടിലെ ജോലികളാ യാലും എല്ലാം മാറ്റി വെച്ച് പര്യടനത്തിന് പോകേണ്ടി വന്നാൽ ഭാര്യ രോഗിയാണെങ്കിലും വീട്ടിൽ പ്രസവസംബന്ധമായ പ്രശ്നങ്ങളുണ്ടെങ്കിലും എല്ലാം പറയാറ്, ഞാൻ അല്ലാഹുവിന്റെ ദീനിന്റെ കാര്യത്തിനാണ് പോകുന്നത്, അതുകൊണ്ട് എന്റെ ആവശ്യങ്ങൾ അല്ലാഹു നോക്കുന്നതാണ്. ശരിക്കും അല്ലാഹു ആവശ്യങ്ങളെല്ലാം നിറവേറ്റിക്കൊടുത്തിരുന്നു.

മറ്റൊരു കാര്യം പറയാം. അത് ബാഹ്യമായി നോക്കുമ്പോൾ ചെറിയ ചെറിയ കാര്യങ്ങളായിരിക്കും. ഇത് ഇക്കാലത്തുള്ള വഖ്ഫെ സിന്ദഗികൾക്കും ജമാഅത്തിന്റെ ഉദ്യോഗസ്ഥർക്കും ഭാരവാഹികൾക്കും ഓർത്തിരിക്കാനുള്ളതാണ്. ഇദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥൻ പറയുന്നു. ഓഫീസിലെ കുറേ പുസ്തകങ്ങൾ

ബൈന്റ് ചെയ്യിപ്പിച്ചു. അതിൽ ദുർറെ സമീൻ എന്ന പുസ്തകവും ഉൾപ്പെട്ടിരുന്നു. ദുർറെ സമീൻ എടുത്ത് എക്കൗണ്ടന്റിനെ വിളിപ്പിച്ചു കൊണ്ട് പറഞ്ഞു. ഇത് എന്റെ സ്വന്തം ദുർറെ സമീനാണ്. ഇതിനേയും താങ്കൾ ബൈന്റിങ്ങ് ചെയ്യിപ്പിച്ചു. ഇതിന് എത്രയാണ് ചെലവായതെന്ന് പറയുക. എക്കൗണ്ടന്റ് പറഞ്ഞു, പുസ്തകങ്ങളെല്ലാം ഒരുമിച്ച് ബൈന്റ് ചെയ്യിപ്പിച്ചതാണ്. അത് പ്രശ്നമില്ല. എന്നാൽ അദ്ദേഹം പറഞ്ഞു, അതു പറ്റില്ല. ഇതിന് എത്ര ചെലവായി എന്ന് പറയുക. എട്ടോ പത്തോ രൂപ അതിന് ചെലവായി എന്നറിഞ്ഞു. അത് എക്കൗണ്ടന്റിനെ ഏൽപ്പിക്കാതെ അദ്ദേഹത്തിന് സ്വസ്ഥത കൈവന്നില്ല.

കീഴുദ്യോഗസ്ഥർ പറയുന്നത് ഞങ്ങൾക്ക് വിഷമമില്ലാത്ത രീതിയിലാണ് ഞങ്ങളെ ഉപദേശിക്കാറുള്ളത്. ഞങ്ങൾക്ക് വേണ്ട ശിക്ഷണം നൽകിയിരുന്നു. എപ്പോഴും പറയാറുള്ളതും നാം ഓർത്തിരിക്കേണ്ടതുമായ കാര്യം ഇതാണ്. ദീനിസേവനം വളരെ ഇഷ്ടത്തോടും സേവനമനസ്ഥിതിയോടും ചെയ്യണം. അതിനു പകരമായി പ്രതിഫലം ഒരിക്കലും ആഗ്രഹിക്കരുത്. അല്ലാഹു ഖിദ്മത്തിനുള്ള തൗഫീഖ് നൽകി എന്നും അതുകൊണ്ട് നിങ്ങളുടെ റബ്ബിനെ തൃപ്തിപ്പെടുത്തണമെന്നും എപ്പോഴും ഓർക്കുക. ഓഫീസിൽ വരുന്ന അതിഥികളെ എഴുന്നേറ്റു നിന്നു കൊണ്ട് വളരെ ആദരവോടെ സ്വീകരിച്ചിരുന്നു. എപ്പോഴും പറയാറുള്ളത് കേന്ദ്രത്തിൽ വരുന്ന അതിഥികൾ വലിയ പ്രതീക്ഷകളുമായാണ് വരുന്നത്. അവരോട് നല്ല രീതിയിൽ ബന്ധപ്പെടണം. കുടിക്കാൻ പാനീയം നൽകണം. തന്റെ ജോലി വിട്ടുകൊണ്ട് അവരിലേക്ക് ശ്രദ്ധിച്ചിരുന്നു. എത്ര സമയം അതിന്നായി ചെലവഴിക്കേണ്ടി വന്നാലും ഓഫീസ് അടച്ചാൽ തന്നെയും അവരുടെ ജോലി പൂർത്തിയാക്കിക്കൊടുക്കാൻ ശ്രമിച്ചിരുന്നു. വല്ല ജോലിയും ചെയ്യാൻ കഴിയുന്നില്ലെങ്കിൽ അവരോട് പറയും നിങ്ങളെ ഇതിനെകുറിച്ച് പിന്നീട് അറിയിക്കുന്നതാണ്. ചന്ദയുടെ കണക്ക് നോക്കാനായി വരുന്ന അതിഥികൾ അവരുടെ കണക്ക് കൃത്യമല്ലെങ്കിൽ വളരെ പ്രകോപനമായി സംസാരിക്കും. സെക്രട്ടറി മാലുകൾക്ക് ഇതറിയാവുന്നതാണ്. ഇദ്ദേഹത്തിന്റെ അടുത്ത് ആരെങ്കിലും ചൂടായി സംസാരിച്ചാൽ മിണ്ടാതെ കേട്ടിരിക്കും. അവസാനം വന്നവർ തന്നെ നാണിച്ച് മാപ്പു ചോദിക്കുന്ന അവസ്ഥ വരെ എത്താറുണ്ടായിരുന്നു. ഇതേപോലെ ജോലിക്കാരോടും കുട്ടികളോടും സദഖ നൽകാനെല്ലാം പറയുമായിരുന്നു. ഇത് മുഖേന വിപത്ത് ദൂരപ്പെടുമെന്ന് പറയും. ഖലീഫത്തുൽ മസീഹിന് കത്തെഴുതാനും പറയും.

അദ്ദേഹം തന്റെ ഇൻസ്പെക്ടർമാരോട് പറയാറുള്ളത് ജമാഅത്തുകളിൽ പോയി സ്വന്തമായി വല്ലതും പറയാതെ കാലത്തിന്റെ ഖലീഫയുടെ ശബ്ദമാണ് നിങ്ങൾ എത്തിക്കേണ്ടത്. പുറത്തേക്ക് തന്റെ കീഴിലുള്ളവരേയും ഇൻസ്പെക്ടർമാരേയും അയക്കുമ്പോൾ അവരോട് പറയാറുള്ളത് നിങ്ങൾ കേന്ദ്രത്തിന്റെ പ്രതിനിധികളാണെന്ന് ഓർക്കണം. അതുകൊണ്ട് നിങ്ങളുടെ വാക്കും പ്രവർത്തിയും അതിനനുഗുണമായിത്തീരേണ്ടതാണ്. ചിലപ്പോൾ ഓഫീസിൽ അധികസമയം കഴിച്ചുകൂട്ടേണ്ടതായി വരും. അപ്പോൾ ഓഫീസ് അടച്ചിട്ടുണ്ടാകും. കൂടെ ജോലി ചെയ്യുന്നവർക്ക് വിഷമം ഉണ്ടായേക്കാം. കാരണം സമയം കഴിഞ്ഞിട്ടും ഇവിടെ ഇരിക്കുകയാണോ എന്ന് ചിന്തിക്കാം. അതുകൊണ്ട് അദ്ദേഹം അവരോട് പറയാറുള്ളത് ഞങ്ങൾ ഇവിടെ കൂടുതൽ ജോലി ചെയ്യുകയാണെന്ന് ചിന്തിക്കരുത്. ഇപ്പോൾ പോയവർ അവരുടെ സമയം പാഴാക്കുകയാണ്. നിങ്ങൾക്ക് ഇപ്പോൾ ഇവിടെ കൂടുതൽ സേവനത്തിനുള്ള തൗഫീഖ് ലഭിച്ചു എന്ന് കരുതുക. ദീനിസേവനത്തെ ഒരു ദൈവീകാനുഗ്രഹമായി കണ്ടിരുന്നതിന്റെ പ്രത്യക്ഷോദാഹരണമാണ്.

ഇദ്ദേഹത്തിന്റെ കീഴുദ്യോഗസ്ഥൻ പറയുന്നു. നാലഞ്ച് ദിവസം മുമ്പ് ഞാൻ അദ്ദേഹത്തെ സന്ദർശിക്കാനായി പോയി. അപ്പോൾ അദ്ദേഹം ചോദിച്ചു. നാസിർ അഹ്മദ് എന്ന് പേരുള്ള ഒരുദ്യോഗസ്ഥൻ കാണാൻ വന്നിരുന്നു. താങ്കൾ അദ്ദേഹത്തെ അറിയുമോ? അദ്ദേഹം പറഞ്ഞു. ഓഫീസിൽ തന്നെ നാലഞ്ചു നാസിർ അഹ്മദ് ഉണ്ട്. ഇതു കേട്ടപ്പോൾ അദ്ദേഹം പറഞ്ഞു. നാസിർ അഹ്മദ് ആരാണെന്ന് താങ്കൾ കണ്ടെത്തണം. എന്നിട്ട് എന്റെ ക്ഷമാപണം അദ്ദേഹത്തെ അറിയിക്കണം. കാരണം അദ്ദേഹം ഇവിടെ വന്നപ്പോൾ ഞാൻ കണ്ണടച്ച് കിടക്കുന്നത് കണ്ടപ്പോൾ ഞാൻ ഉറങ്ങുകയാണെന്ന് തെറ്റിദ്ധരിച്ച് കുട്ടികൾ ഞാൻ ഉറങ്ങുകയാണെന്ന് അദ്ദേഹത്തോട് പറഞ്ഞ് അദ്ദേഹത്തിന് എന്നെ കാണാതെ തിരിച്ചു പോകേണ്ടതായി വന്നിട്ടുണ്ട്. അതുകൊണ്ട് ക്ഷമായാചന നടത്തണം. ചുരുക്കത്തിൽ ഇത്രയും സൂക്ഷ്മമായി കാര്യങ്ങൾ നോക്കിയിരുന്നു. കൃത്യമായി സദഖ നൽകിയിരുന്നു.

ചുരുങ്ങിയ രീതിയിൽ ഇദ്ദേഹത്തെ ഞാൻ അനുസ്മരിച്ചു. ഞാനും ഇദ്ദേഹത്തോടൊപ്പം ജോലി ചെയ്തിട്ടുണ്ട്. ഇവിടെ എഴുതിയത് അൽപം ചില ഗുണങ്ങളാണ്. എത്രയോ സദ്ഗുണങ്ങളുടെ ഉടമയാണദ്ദേഹം. അക്ഷീണനായി, ഭംഗിയായി ജോലികൾ നിർവ്വഹിച്ചിരുന്നു. ഖിലാഫത്തിനോടും ആത്മാർത്ഥ കൂറ് പുലർത്തിയിരുന്നു.

ചുരുക്കത്തിൽ വളരെ കൂറ് പുലർത്തിക്കൊണ്ട് തന്റെ ജോലിയിൽ നിമഗ്നനായ വ്യക്തിത്വമായിരുന്നു അദ്ദേഹം. കാലത്തിന്റെ ഖലീഫയുടെ സുൽത്താനെ നസീറുമായിരുന്നു. ഇതു കൂടാതെ ഖലീഫക്ക് വേണ്ടി കൂടുതലായി ദുആയും ചെയ്തിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവികൾ ഉയർത്തട്ടെ. ഇങ്ങനെ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരെ ജമാഅത്തിന് എപ്പോഴും ലഭിക്കുമാറാകട്ടെ.

ഇദ്ദേഹത്തിനെ കൂടാതെ മറ്റു ജനാസ ഗായിബും ജുമുഅക്ക് ശേഷം ഞാൻ നിർവ്വഹിക്കുന്നതാണ്. മഖ്ബൂൽ അഹ്മദ് സഫർ സാഹിബ് മുറബ്ബി സിൽസിലയുടേതാണ് ഒന്ന്. നസാറത്ത് ഇസ്‌ലാഹ് വ ഇർശാദിലായിരുന്നു ഇപ്പോൾ. കുടൽ രോഗമായിരുന്നു. അത് വഷളാകുകയും ജൂലൈ 25ന് വഫാത്താകുകയും ചെയ്തു. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ കോട്ട് മുഹമ്മദ് യാർ ചിനിക്കോട്ടിൽ താമസിക്കുന്ന ആളായിരുന്നു. 1997 മുതൽ 2001 വരെ അറബി ഭാഷയിൽ ഉപരിപഠനം നടത്തി. നസാറത്ത് ഇശാഅത്തിൽ പ്രവർത്തിച്ചു. ജാമിഅ അഹ്മദിയ്യയിൽ അറബിക് ടീച്ചറായി ജോലി ചെയ്തു. 2007ൽ ശ്വാമിലേക്ക് പോയി. അറബിയിൽ ഡിപ്ലോമ ചെയ്തു. ഹോമിയോപതിയെക്കുറിച്ചും അറിയാമായിരുന്നു. തിരിച്ചു വന്നപ്പോൾ ഇസ്‌ലാഹോ ഇർശാദ് മർക്കസ്സിയ്യയിൽ നിയമിക്കപ്പെട്ടു. വിജ്ഞാനപ്രിയനായിരുന്നു. ഒരു മുറബ്ബിക്ക് വേണ്ട ഗുണങ്ങളെല്ലാം ഇദ്ദേഹത്തിനുണ്ടായിരുന്നു. വഖ്ഫെ സിന്ദഗിയുടെ ഗുണങ്ങളും ഉണ്ടായിരുന്നു. ഹോമിയോപതിയിൽ ഡിപ്ലോമ ചെയ്തിരുന്നു. പാവങ്ങളെ സഹായിച്ചിരുന്നു. അസമയത്ത് വല്ലവരും വന്നാലും മരുന്ന് നൽകും. തന്റെ കൂടെയുള്ള ഉദ്യോഗസ്ഥരോടും നല്ല രീതിലാണ് പെരുമാറിയിരുന്നത്. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തട്ടെ. കുട്ടികളുണ്ട്. അവർക്ക് അല്ലാഹു ക്ഷമ പ്രദാനം ചെയ്യട്ടെ.

മൂന്നാമത്തെ ജനാസ മറാജ് സുൽത്താന സാഹിബയുടേതാണ്. ഹക്കീം ബദ്റുദ്ദീൻ സാഹിബ് ആമിൽ ദർവേശ് ഖാദിയാന്റെ ഭാര്യയാണ്. 86ാം വയസ്സിൽ ജൂലൈ 19ന് വഫാത്തായി. اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ വളരെ ആത്മാർത്ഥതയോടും ക്ഷമയോടും കൂടി ദർവേശ് കാലഘട്ടം ഇവർ തരണം ചെയ്തു. സ്കൂൾ ടീച്ചറായിരുന്നു. റിട്ടയർമെന്റിന് ശേഷവും അദ്ധ്യാപനം നടത്തിക്കൊണ്ടിരുന്നു. നല്ല മനസ്സിന്റെ ഉടമയും കൃതജ്ഞത പ്രകടിപ്പിക്കുന്ന

ധൈര്യവതിയായ ഒരു വനിതയുമായിരുന്നു. ഖാദിയാൻ ലജ്നാ ഇമായില്ലാഹ് ജനറൽ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചു. വിവിധ സേവനങ്ങൾ ചെയ്തിട്ടുണ്ട്. ദരിദ്ര കുട്ടികളെ തന്റെ വീട്ടിൽ താമസിപ്പിച്ച് പഠിപ്പിച്ചു. അല്ലാഹു ഇവരുടെ പദവികൾ ഉയർത്തട്ടെ.

നാലാമത്തെ ജനാസ മറിയം സുൽത്താനയുടേതാണ്. ഡോ. മുഹമ്മദ് അഹ്മദ് ഖാൻ ശഹീദ് മർഹൂമിന്റെ ഭാര്യയാണിവർ. ഇദ്ദേഹത്തിന്റെ ഭർത്താവ് മുഹമ്മദ് അഹ്മദ് ഖാൻ സാഹിബ്ടൽ അബ്ദുല്ലാ കുഹാട്ടിൽ ശഹീദായിരുന്നു. 2012 ജൂലൈ 18നാണ് മറിയം സുൽത്താന സാഹിബയുടെ വഫാത്ത് നടന്നത്.

اِنَّا لِلّٰهِ وَاِنَّآ اِلَيْهِ رٰجِعُوْنَ

കഠിനാദ്ധ്വാനിയായ മഹതിയായിരുന്നു. ദഅ്വത്തെ ഇലല്ലാഹ്ക്ക് വലിയ താൽപര്യമായിരുന്നു. ത്യാഗം ചെയ്യുന്നവളായിരുന്നു. നല്ല ഉറച്ച തീരുമാനമെടുക്കാൻ കഴിവുള്ളവരായിരുന്നു. ഇവരുടെ ഭർത്താവ് ഡോ. മഹ്മൂദ് അഹ്മദ് ഖാൻ സാഹിബ് കുഹാട്ടിൽ ശഹീദാക്കപ്പെട്ടു. ഖലീഫത്തുൽ മസീഹ് സാനി(റ) ന്റെ കാലത്ത് 1954ലാണ് ഇത് നടന്നത്. മറിയം സുൽത്താന സാഹിബയുടെ പിതാവിന്റെ പേര് അനായത്തുല്ല അഫ്ഗാനിയായിരുന്നു. അവരുടെ മാതാവായ നിഅ്മത്തുള്ള അഫ്ഗാനിയിലൂടേയാണ് അവരുടെ കുടുംബത്തിൽ ജമാഅത്ത് വന്നത്. അവർ ഖലീഫത്തുൽ മസീഹ് അവ്വലിന്റെ കയ്യിൽ ബൈഅത്ത് ചെയ്തിരുന്നു. അനായത്തുള്ള സാഹിബ് അഫ്ഗാനിയുടെ ബന്ധം അഫ്ഗാനിസ്ഥാനിലെ ഖോസ്തുമായിട്ടായിരുന്നു. സാഹിബ് സാദാ അബ്ദുൽ ലത്തീഫ് സാഹിബ് ശഹീദിന്റെ ശിഷ്യന്മാരിൽ പെട്ട ഒരാളായിരുന്നു. ഇദ്ദേഹത്തിന്റെ കുടുംബം ഹ.മസീഹ് മൗഊദ് (അ) ന്റെ വഫാത്തിനു ശേഷം അഫ്ഗാനിസ്ഥാനിൽ നിന്നും ഖാദിയാനിലേക്ക് മാറിത്താമസിച്ചു. അങ്ങനെ ഇവിടെ ഖലീഫ അവ്വലിനെ ബൈഅത്ത് ചെയ്തു. മറിയം സുൽത്താന സാഹിബ ജന്മനാ അഹ്മദിയാണ്. 1949 ൽ ഡോ.മഹ്മൂദ് അഹ്മദ് ഖാൻ സാഹിബുമായി വിവാഹം നടന്നു. ഹ.ഖലീഫത്തുൽ മസീഹ് സാനി(റ) യുടെ ബോഡീഗാർഡിന്റെ മകനായിരുന്നു. ഇവർ പിന്നീട് കുഹാട്ടിലേക്ക് സ്ഥലം മാറി. അവിടെ ഒരു മൗലവി വന്ന് ഒരാൾ രോഗിയാണെന്ന് പറഞ്ഞ് ഡോക്ടറെ വിളിച്ചുകൊണ്ട് പോയി ശഹീദാക്കി. അദ്ദേഹത്തിന്റെ ജനാസ വീട്ടിൽ കൊണ്ടുവന്നു. അപ്പോൾ അവിടെ മറ്റൊരു അഹ്മദിയും ഉണ്ടായിരുന്നില്ല. അഹ്മദികളുടെ ഒറ്റക്കൊരു വീട് , ചെറിയ കുട്ടികളും.

ഭർത്താവ് മൂസിയായിരുന്നു. മയ്യത്ത് വീട്ടിൽ. ചെറിയ കുട്ടികളാണെങ്കിൽ കരയുന്നു. സഹായിക്കാൻ ആരുമില്ല. അഭിപ്രായം പറഞ്ഞുകൊടുക്കാനും ആരുമില്ല. കമ്മ്യൂണിക്കേഷന്റെ സംവിധാനവുമില്ല. ഫോണും ഇല്ല. തന്റെ ഭർത്താവ് മൂസിയായതുകൊണ്ട് റബ്വയിലേക്ക് കൊണ്ടുപോകണം എന്ന് അവർക്ക് അറിയാമായിരുന്നു. ഏതായാലും ധൈര്യം സംഭരിച്ചു കൊണ്ട് ഒരു ട്രക്ക് വാടകക്കെടുത്തു അതിൽ മയ്യത്ത് വെച്ചു. കുട്ടികളെ ഇരുത്തി. നഖ്ലയിൽ എത്തിച്ചു. അവിടെയാണ് അക്കാലത്ത് ഖലീഫത്തുൽ സാനി(റ) ഉണ്ടായിരുന്നത്. അവിടെ ജനാസ നമസ്കരിച്ചു. തുടർന്ന് റബ്വയിൽ കൊണ്ടുവന്നു. കുട്ടികളെ നല്ല പ്രയാസപ്പെട്ട് തർബിയ്യത്ത് നൽകി പോറ്റി വളർത്തി. അവരെ പഠിപ്പിച്ചു. കുട്ടികളെ നല്ല ശിക്ഷണത്തിൽ വളർത്തുന്നതിനായി ആ ചുറ്റുപാടിൽ നിന്നും രക്ഷിച്ചുകൊണ്ടുവന്നു. അല്ലാഹു ഇവരുടെ സന്താനങ്ങളിൽ നിന്നും അഹ്മദിയ്യത്തിന്റെ സേവകരെ ഉണ്ടാക്കട്ടെ. അഹ്മദിയ്യത്തുമായി ആത്മാർത്ഥമായി ബന്ധപ്പെടുന്നവരിൽ ആക്കുന്നവരാകട്ടെ. അല്ലാഹു ഇവരുടെയും പദവികൾ ഉയർത്തുമാറാകട്ടെ.

ഞാൻ പറഞ്ഞതുപോലെ ജുമുഅ നമസ്കാരത്തിനു ശേഷം ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്.

**PRINTED BOOKS**

To

From

**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**


KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 July 27 at : Baitul Futuh London
Translation: M.Nasir Ahmed Kodiyathur 09497343704

Typing: Semiyya Sulthana
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**